**2022-ലെ 15-ാം ആക്റ്റ്**

**2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ആക്റ്റ്***

കേരള സംസ്ഥാനത്തെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്) എന്നിവയ്ക്ക് കീഴിലുള്ള സർവ്വീസുകളെയും, ഗ്രാമവികസനം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം സർവ്വീസുകളെയും ഏകീകരിച്ചുകൊണ്ട് ഒരു തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുന്നതിനായുള്ള

ഒരു

ആക്റ്റ്

പീഠിക.—കേരള സംസ്ഥാനത്തെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്) എന്നിവയ്ക്ക് കീഴിലുള്ള സർവ്വീസുകളെയും, ഗ്രാമവികസനം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം സർവ്വീസുകളെയും ഏകീകരിച്ചുകൊണ്ട് ഒരു തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

**1.** ചുരുക്കപ്പേരും പ്രാരംഭവും.—**(1)** ഈ ആക്റ്റിന് **2022**-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ആക്റ്റ് എന്ന് പേര് പറയാം.

**(2)** ഇത് **2022** മാർച്ച് **31**-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

**2.** **1994**-ലെ **13**-ാം ആക്റ്റിന്റെ ഭേദഗതി.—**1994**-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ (**1994**-ലെ **13**-ാം ആക്റ്റ്) **180**-ാം വകുപ്പിന്റെ (**4**)-ാം ഉപവകുപ്പിൽ,—

**(i)** "ഉദ്യോഗസ്ഥൻമാരേയോ ജീവനക്കാരേയോ സംസ്ഥാനമൊട്ടാകെയോ ഓരോ ജില്ലയ്ക്കു വേണ്ടിയോ ഒരു പ്രത്യേക സർവ്വീസായി രൂപീകരിക്കുന്നതിന് വ്യവസ്ഥ

---

*2022 സെപ്റ്റംബർ 20–ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും 2022 സെപ്റ്റംബർ 23–ാം തീയതിയിലെ 3260–ാം നമ്പർ കേരള അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

ചെയ്യാവുന്നതുമാണ്" എന്ന വാക്കുകൾക്ക് പകരം "ഉദ്യോഗസ്ഥരെയും ജീവനക്കാരെയും മറ്റേതെങ്കിലും സർവ്വീസുകളിലുള്ള സർക്കാർ ജീവനക്കാരെയും ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിനൊട്ടാകെയോ ഓരോ ജില്ലയ്ക്കുമായോ തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതുമാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

**(ii)** താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്, അതായത്:—

"വിശദീകരണം:—ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി, "മറ്റേതെങ്കിലും സർവ്വീസുകളിലുള്ള സർക്കാർ ജീവനക്കാർ" എന്നാൽ, സംസ്ഥാനത്തെ മുനിസിപ്പാലിറ്റി, തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്) എന്നിവയ്ക്ക് കീഴിലുള്ള സർവ്വീസുകളിലെയും ഗ്രാമവികസനം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം സർവ്വീസുകളിലെയും സർക്കാർ ജീവനക്കാർ എന്നർത്ഥമാകുന്നു.".

**3.** 1994-ലെ 20-ാം ആക്റ്റിന്റെ ഭേദഗതി.—**1994**-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ (**1994**-ലെ **20**-ാം ആക്റ്റ്) **222**-ാം വകുപ്പിന്റെ (**1** ബി) ഉപവകുപ്പിൽ,—

**(I)** "ഉദ്യോഗസ്ഥരെയോ ജീവനക്കാരെയോ സംസ്ഥാനത്തിനൊട്ടാകെയോ ഓരോ ജില്ലയ്ക്കുമായോ ഒരു പ്രത്യേക സർവ്വീസായി രൂപീകരിക്കുന്നതിനുകൂടി വ്യവസ്ഥ ചെയ്യാവുന്നതുമാണ്" എന്ന വാക്കുകൾക്ക് പകരം "ഉദ്യോഗസ്ഥരെയും ജീവനക്കാരെയും മറ്റേതെങ്കിലും സർവ്വീസുകളിലുള്ള സർക്കാർ ജീവനക്കാരെയും ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിനൊട്ടാകെയോ ഓരോ ജില്ലയ്ക്കുമായോ തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതുമാണ്"എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

**(ii)** താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്, അതായത് :—

"വിശദീകരണം:— ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി, "മറ്റേതെങ്കിലും സർവ്വീസുകളിലുള്ള സർക്കാർ ജീവനക്കാർ" എന്നാൽ, സംസ്ഥാനത്തെ പഞ്ചായത്ത്, തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്) എന്നിവയ്ക്ക് കീഴിലുള്ള സർവ്വീസുകളിലെയും ഗ്രാമവികസനം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ സർവ്വീസുകളിലെയും സർക്കാർ ജീവനക്കാർ എന്നർത്ഥമാകുന്നു.".

4. <u>2016-ലെ 9-ാം ആക്റ്റിന്റെ ഭേദഗതി</u>.—2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ (2016-ലെ 9-ാം ആക്റ്റ്) 10-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, 1968-ലെ കേരള പബ്ലിക് സർവ്വീസസ് ആക്റ്റ് (1968-ലെ 19-ാം ആക്റ്റ്) പ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളനുസരിച്ച് ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും തരംതിരിവ്, റിക്രൂട്ട്മെന്റ്/നിയമനരീതി, സേവന വ്യവസ്ഥകൾ, ശമ്പളവും ബത്തകളും, അച്ചടക്കം, പെരുമാറ്റം എന്നിവ സർക്കാർ നിയന്ത്രിക്കേണ്ടതും അങ്ങനെയുള്ള ചട്ടങ്ങളിൽ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട, തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്)-ലെ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും മറ്റേതെങ്കിലും സർവ്വീസുകളിലുള്ള സർക്കാർ ജീവനക്കാരെയും ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിനൊട്ടാകെയോ ഓരോ ജില്ലയ്ക്കുമായോ തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതുമാണ്.

<u>വിശദീകരണം</u>:—ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി, "മറ്റേതെങ്കിലും സർവ്വീസുകളിലുള്ള സർക്കാർ ജീവനക്കാർ" എന്നാൽ സംസ്ഥാനത്തെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവയ്ക്ക് കീഴിലുള്ള സർവ്വീസുകളിലെയും ഗ്രാമവികസനം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ സർവ്വീസുകളിലെയും സർക്കാർ ജീവനക്കാർ എന്നർത്ഥമാകുന്നു.".

5. <u>സാധൂകരണം</u>.—2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ഓർഡിനൻസിന് (2022-ലെ 5) (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) 2022 ആഗസ്റ്റ് 8-ാം തീയതി പ്രാബല്യം ഇല്ലാതായിത്തീർന്നിരുന്നാൽ തന്നെയും,—

(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13-ാം ആക്റ്റ്), 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20-ാം ആക്റ്റ്), 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റുകൾ എന്നാണ് പരാമർശിക്കപ്പെടുക) എന്നീ ആക്റ്റുകളിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ

ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റുകളിലെ വ്യവസ്ഥകൾ പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതും;

(ബി) പ്രസ്തുത ഓർഡിനൻസിന് പ്രാബല്യം ഇല്ലാതായിത്തീർന്നതിന് ശേഷവും ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുമുമ്പും ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, പ്രസ്തുത ഓർഡിനൻസിന്റെ പ്രാബല്യം ഇല്ലാതായി ത്തീർന്നിരുന്നില്ലായെങ്കിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റുകളിൻകീഴിൽ ചെയ്യുകയോ എടുക്കുകയോ ചെയ്യുമായിരുന്നു എന്നപോലെ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റുകളിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതുമാണ്.